**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org


No. R.1338/23 Dated : 14/03/2023

## പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ശ്രീ വടക്കുംനാഥൻ ക്ഷേത്ര മൈതാനിയിൽ തൃശ്ശൂർപൂരം എക്സിബിഷൻ ഗ്രൗണ്ടിന് മുൻവശത്ത് തൃശ്ശൂർപൂരം എക്സിബിഷനോടനുബന്ധിച്ച് 01/04/2023 മുതൽ 31/05/2023 കൂടി Pay & Park സംവിധാനത്തിൽ വാഹനപാർക്കിംഗ് ഏറ്റെടുത്ത് നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 25000/- രൂപയുടെ ഡി.ഡി നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടെണ്ടർ കവറിന് മുകളിൽ തൃശ്ശൂർപൂരം എക്സിബിഷൻ 2023 ടെണ്ടർ പേ & പാർക്ക് എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ 22/03/2023, 3 പി.എം വരെ തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ടെണ്ടർ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്.

ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ തുകയ്ക്ക് ആനുപാതികമായ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഉടൻ അടക്കേണ്ടതാണ്. കൂടാതെ ടെണ്ടർ പ്രകാരമുള്ള സംഖ്യയുടെ 25% സംഖ്യയും, ജി.എസ്.ടിയും കൂടി ടെണ്ടർ ഉറപ്പിച്ച ഉത്തരവ് കൈപ്പറ്റി

10 ദിവസത്തിനകം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടക്കേണ്ടതാണ്. ബാക്കി സംഖ്യയും ജി.എസ്.ടിയും കൂടി 30/04/2023 തിയ്യതിക്കുമുമ്പായി അടക്കേണ്ടതാണ്. ഇതിൽ വീഴ്ച്ചവരുത്തുന്ന ദിവസങ്ങളിൽ 20% പലിശയും, ജി.എസ്.ടിയും ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ ലഭിച്ച വ്യക്തി താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുമാത്രം Pay & Park നടത്തേണ്ടതാണ്.

1. പാർക്കിംഗിന് ആവശ്യമായ ലൈസൻസ് തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.
2. പാർക്കിംഗ് സ്ഥലത്തേക്കാവശ്യമായ ബാരിക്കേഡ്, വൈദ്യുതി, വെളിച്ചം എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചിലവിൽ ഏർപ്പെടുത്തേണ്ടതാണ്.
3. പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്ത വാഹനങ്ങളുടെ പരിപൂർണ്ണ സുരക്ഷിതത്വം ടെണ്ടർ കൊണ്ട വ്യക്തിയുടേത് മാത്രമായിരിക്കും, ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
4. പാർക്കിംഗ് ഗ്രൗണ്ടിലും മറ്റും അനാശാസ്യപ്രവൃത്തികൾ ഉണ്ടാകാതിരിക്കാൻ ടെണ്ടർ കൊണ്ട വ്യക്തി ശ്രദ്ധിക്കേണ്ടതാണ്.
5. പാർക്കിംഗ് പരിസരം ടെണ്ടറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും ശുചിയാക്കി സംരക്ഷിക്കേണ്ടതാണ്.
6. പാർക്കിംഗിന് താഴെ പറയുന്ന നിരക്കിൽ മാത്രമേ പാർക്കിംഗ് ഫീ ഈടാക്കാൻ പാടുള്ളൂ.

| | | |
|---|---|---|
| ബൈക്ക് | - | 20/- പ്രതിദിനം |
| ഓട്ടോറിക്ഷ | - | 20/- പ്രതിദിനം |
| കാർ | - | 30/- പ്രതിദിനം |
| ട്രാവലർ | - | 50/- പ്രതിദിനം |
| ബസ്സ് | - | 50/- പ്രതിദിനം |
| ലോറി | - | 100/- പ്രതിദിനം |

7. പാർക്കിംഗ് സ്ഥലത്തേക്ക് എപ്പോൾ വേണമെങ്കിലും പ്രവേശിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ടെണ്ടർ കൊണ്ട വ്യക്തി ബാദ്ധ്യസ്ഥനാണ്.

8. ടെണ്ടർ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചവരുത്തുന്ന പക്ഷവും ടെണ്ടർ വ്യവസ്ഥക്കനുസരിച്ചുള്ള കാലാവുധി അവസാനിക്കുന്നതിന് മുമ്പ് ടെണ്ടർ കൊണ്ട വ്യക്തി സ്വമേധയാ ഒഴിവാകുന്ന പക്ഷവും ടിയാന്റെ ടെണ്ടർ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇതു മൂലം വരുന്ന സകല നഷ്ടകഷ്ടങ്ങൾക്കും ടെണ്ടർ കൊണ്ട വ്യക്തി മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

ടെണ്ടറിൽ നിന്നും സ്വമേധയ ഒഴിവാകുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

9. നിശ്ചിത കാലാവുധിക്ക് ശേഷം ബാദ്ധ്യതകൾ ഒന്നും ഇല്ലെന്ന് ഉറപ്പാക്കി മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച സംഖ്യ പലിശ രഹിതമായി ടെണ്ടർ കൊണ്ട വ്യക്തിക്ക് റീഫണ്ടായി അനുവദിക്കുന്നതാണ്.

10. മേൽ പറഞ്ഞ എല്ലാ നിബന്ധനകളും ഉൾപ്പെടുത്തി നിയമാനുസൃത മുദ്രപേപ്പറിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ട് ടെണ്ടർ ലഭിച്ച വ്യക്തി സമർപ്പിക്കേണ്ടതാണ്.

11. ടെണ്ടർ കൊണ്ട സംഖ്യകൾ ടെണ്ടർ കാലാവുധിക്കുശേഷം ഏതെങ്കിലും കാരണവശാൽ അടവുവരുത്തുന്നതിന് വീഴ്ച്ച വരുത്തുന്നപക്ഷം പ്രസ്തുത സംഖ്യ റവന്യൂ റിക്കവറി നടപടി വഴി പിരിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. ടെണ്ടർ കാലാവുധി അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൊച്ചിൻ ദേവസ്വം ബോർഡിന് തിരികെ ഏൽപ്പിക്കേണ്ടതാണ്.

13. ടെണ്ടർ തുകയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരണ്ടി ടെണ്ടർ കൊണ്ട വ്യക്തി സമർപ്പിക്കേണ്ടതാണ്.

14. ടെണ്ടറുകൾ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ടെണ്ടർ നടപടികൾ നിർത്തി വെയ്ക്കുന്നതിനും, അസാധുവാക്കുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ടെണ്ടറിനെപ്പറ്റി കൂടുതൽ എന്തെങ്കിലും അറിയാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**സെക്രട്ടറി**
**കൊച്ചിൻ ദേവസ്വം ബോർഡ്**